കേന്ദ്ര സർക്കാർ പൂർണ്ണമായി സംസ്ഥാന സർക്കാരിനെ ഏൽപ്പിച്ചാൽ മാത്രമേ 'റൂട്ട്സി'ൽ തന്നെ അറ്റസ്റ്റേഷൻ പൂർണ്ണമായി നടത്തുവാൻ സാധിക്കുകയുള്ളു. വിദേശ കാര്യ മന്ത്രാലയത്തിന്റെയും യു.എ. ഇ. എംബസ്സിയുടേയും അനുവാദം ഉണ്ടെങ്കിൽ മാത്രമേ ഒരു ഏകജാലക സംവിധാനം 'റൂട്ട്സി'ൽ ഏർപ്പെടുത്തുവാൻ സാധിക്കുകയുള്ളു. ഇക്കാര്യത്തിൽ ചർച്ചകൾ നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രവാസികാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ്

167 [787] ശ്രീ. പി. ടി. തോമസ്:

" ജോർജ്ജ് ജെ. മാത്യു:

" എ. പി. അനിൽകുമാർ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് പോകുന്നതിന് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നത് സംബന്ധിച്ച് പ്രവാസികാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ നോൺ റെസിഡന്റ് കേരളൈറ്റ്. കോമിൽ എത്തുന്നവർക്ക് ഇതിനായി nrkroots org.എന്ന സൈറ്റിലേക്കു പോകുവാനുള്ള നിർദ്ദേശമാണോ ലഭിക്കാറുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സൈറ്റ് ഗവൺമെന്റ് ഉടമയിലുള്ളതാണോ അതോ സ്വകാര്യ ഉടമയിലുള്ളതാണോ എന്നും ഈ സൈറ്റിന്റെ രജിസ്ട്രന്റ് ആരാണ് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി എത്തുന്ന അപേക്ഷകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന്റെ ഭാഗമായി ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയപ്പോൾ നോർക്ക വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ nonresidentkeralite.com-ൽ നിന്നും nrkroots org.എന്ന സൈറ്റിലേക്ക് ലിങ്ക് നൽകിയിട്ടുണ്ട്.

(ബി) ഈ സൈറ്റ് സ്വകാര്യ ഉടമസ്ഥതയിലുള്ളതും അതിന്റെ രജിസ്ട്രന്റ് ശ്രീ. കെ. വി. ബിനോയ് ജോൺ എന്ന വ്യക്തിയുമാണ്.

നോർക്ക ഡിപ്പാർട്ടുമെന്റിൽ അനുവദിക്കപ്പെട്ട തസ്തികകൾ

168 [788] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക ഡിപ്പാർട്ടുമെന്റിന് അനുവദിച്ച തസ്തികകൾ എത്രയാണെന്നും ഏതെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തിന് പുറത്ത് എത്ര ഓഫീസുകൾ ഉണ്ടെന്നും എത്ര പേർ പ്രസ്തുത ഓഫീസുകളിൽ പ്രവർത്തിച്ചുവരുന്നുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) നോർക്ക ഡിപ്പാർട്ടുമെന്റിൽ അനുവദിച്ച തസ്തികകൾ ചുവടെ പറയുന്നവയാണ്.

സെക്രട്ടറി	—	1
ഡെപ്യൂട്ടി സെക്രട്ടറി	—	1
സെക്ഷൻ ഓഫീസർ	—	2
അസിസ്റ്റന്റ്	—	6
ടൈപ്പിസ്റ്റ്	—	2
പേഴ്സണൽ അസിസ്റ്റന്റ്	—	1
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	—	2
ക്ലെറിക്കൽ അസിസ്റ്റന്റ്	—	1
പ്യൂൺ	—	6

LIBRARY ARCHIVES Kerala Legislative Assembly